# കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

## ഹാജർ : ശ്രീമതി ശ്രീകല.കെ.എസ്.

വിഷയം:- വിദ്യാഭ്യാസം-എയ്ഡഡ് വിദ്യാലയങ്ങൾ 2015-16 വർഷത്തെ തസ്തിക നിർണ്ണയത്തിന് ശേഷം കൊല്ലം റവന്യൂ ജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളിൽ അധികമായി നില്ക്കുന്ന അദ്ധ്യാപക അനദ്ധ്യാപകരുടെ കാറ്റഗറി തിരിച്ചുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്-സാദ്ധ്യതാ പട്ടിക പ്രസിദ്ധപ്പെടുത്തി ഉത്തരവാകുന്നു.

സൂചന:- സ.ഉ.(പി)29/2016/പൊ.വി.വ. തീയതി 29-1-2016ലെ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ.ബി1.22345/2015 തീയതി 1-8-2016.**

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം 2015-16 വർഷത്തെ കൊല്ലം റവന്യൂ ജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2015-16ലെ തസ്തിക നിർണ്ണയത്തിന് ശേഷം അധികമായി വരുന്ന അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പട്ടിക അതാത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടികയുടെ അടിസ്ഥാനത്തിൽ കൊല്ലം റവന്യൂ ജില്ലയിലെ അധികമുള്ള അദ്ധ്യാപക അനദ്ധ്യാപകരുടെ കാറ്റഗറി തിരിച്ചുള്ള താല്ക്കാലിക മുൻഗണനാ പട്ടിക ഇതോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നു. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും പട്ടിക പരിശോധിച്ച് മേൽ സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം പട്ടികയിൽ ഉൾപ്പെടേണ്ടതായിട്ടുള്ള തസ്തിക നഷ്ടമായ സംരക്ഷിത ജീവനക്കാർ എല്ലാം ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും തെറ്റായി ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കേണ്ടതുമാണ്. 2015-16 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാക്കിയതിനുശേഷം അധികമായി വരുന്ന അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരും , മുൻവർഷങ്ങളിൽ മാതൃവിദ്യാലയത്തിൽതന്നെ തസ്തികയില്ലാതെ നിലനിർത്തുന്നതിന് അനുവദിച്ചിരുന്ന അധികമായി വന്നിട്ടുള്ള ജീവനക്കാരും (മുൻകാല സംരക്ഷണ ഉത്തരവുകൾ വഴി മാതൃവിദ്യാലയത്തിൽ നിന്നവരും, താല്ക്കാലികമായി മറ്റ് ഗവ.സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ടിട്ടുള്ളവരും) ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പ്രത്യേകം ശ്രദ്ധിക്കണം. പട്ടികയിൽ ഉൾപ്പെടാൻ വിട്ടുപോയ അദ്ധ്യാപകരുണ്ടെങ്കിൽ അവരുടെ സർവ്വീസ് കാർഡ് സഹിതം, ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർ അതത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരെ 6-8-2016ന് 5 മണിയ്ക്കുമുൻപായി അറിയിക്കേണ്ടതാണ്.

ഇത്തരത്തിലുള്ള അദ്ധ്യാപകരുണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി, അപാകതകളൊന്നും തന്നെയില്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതായും, 2015-16ലെ തസ്തിക നിർണ്ണയത്തിനുശേഷം അധികമായി വരുന്ന അദ്ധ്യാപക/അനദ്ധ്യാപകർ എല്ലാം ബന്ധപ്പെട്ട കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നുമുള്ള സാക്ഷ്യപത്രം സഹിതം അതാത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പട്ടികയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 8-8-2016ന് ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ഈ താല്ക്കാലിക പട്ടികയിൽ ഏതെങ്കിലും തരത്തിൽ പരാതിയോ ആക്ഷേപമോ ഉള്ളവർ രേഖാമൂലം മുകളിൽ പരാമർശിച്ചതിൻ പ്രകാരം 6-8-2016ന് മുമ്പ് ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പരാതികളൊന്നുംതന്നെ ലഭിച്ചില്ലെങ്കിൽ ഇക്കാര്യത്തിൽ പരാതികൾ ഒന്നും തന്നെ ഇല്ല എന്ന നിഗമനത്തിൽ ഈ താല്ക്കാലിക പട്ടിക അന്തിമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്
വിദ്യാഭ്യാസ ഉപഡയറക്ടർ,
കൊല്ലം.

// ഉത്തരവിൻ പ്രകാരം //

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

സ്വീകർത്താവ്

1. എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും.
2. എല്ലാ പ്രഥമാദ്ധ്യാപകർക്കും
3. കരുതൽ ഫയൽ.

എഎസ്.